LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

2015-16 സാമ്പത്തിക വർഷത്തിൽ 9-2-2016-ലെ കണക്ക് പ്രകാരം നാളിതുവരെ 576.05 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ചുവടെ പറയുന്ന നാല് മേഖലകളിലെ പ്രവൃത്തികളാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ളത് :

1. പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവൃത്തികൾ.

2. സമൂഹത്തിൽ ദുർബല ജനവിഭാഗങ്ങൾക്കുള്ള വ്യക്തിഗത ഉപജീവന ആസ്തികളുടെ മെച്ചപ്പെടുത്തലും നിർമ്മാണവും.

3. സ്വയംസഹായ സംഘങ്ങൾക്ക് ഉല്പാദനവുമായി ബന്ധപ്പെട്ട പൊതു അടിസ്ഥാന സൗകര്യങ്ങൾ.

4. ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

14 (1388) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ 2015-16 കാലയളവിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വിശദീകരിക്കുമോ;

(ബി) തൊഴിലാളികൾക്ക് ഇതുവരെയുള്ള പ്രതിഫലം കൊടുത്ത് തീർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നുവരെയുള്ള കുടിശ്ശിക നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷം ഏതെല്ലാം മേഖലകളെയാണ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) ജോലിക്കിടെ മരണമടയുന്ന തൊഴിലാളികളുടെ കുടുംബത്തിന് സാമ്പത്തിക ആനുകൂല്യം നൽകുന്നുണ്ടോ; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

ഗ്രാമ പഞ്ചായത്തിന്റെ പേര്	സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ
അമ്പലപ്പുഴ തെക്ക്	62642
അമ്പലപ്പുഴ വടക്ക്	65295
പുന്നപ്ര തെക്ക്	152764
പുന്നപ്ര വടക്ക്	97975
പുറക്കാട്	173258
ആകെ	551934

(ബി) 9-2-2016-ലെ കണക്ക് പ്രകാരം 136.93 കോടി രൂപ വേതന കുടിശ്ശികയിനത്തിൽ നൽകാനുണ്ട്.

(സി) കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം 2014 ജനുവരി മാസം 3- ാം തീയതി പുറപ്പെടുവിച്ച പുതുക്കിയ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1-ന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ അനുവദനീയമായ ചുവടെ പറയുന്ന വിഭാഗം പ്രവൃത്തികൾ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി തയ്യാറാക്കിയിട്ടുണ്ട് :

1. പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ

2. സമൂഹത്തിൽ ദുർബല ജനവിഭാഗങ്ങൾക്കുള്ള വ്യക്തിഗത ഉപജീവന ആസ്തികളുടെ മെച്ചപ്പെടുത്തലും നിർമ്മാണവും.

3. സ്വയംസഹായ സംഘങ്ങൾക്ക് ഉൽപ്പാദനവുമായി ബന്ധപ്പെട്ട പൊതു അടിസ്ഥാന സൗകര്യങ്ങൾ

4. ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ.

(ഡി) ഉണ്ട്. തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലിൽ ഏർപ്പെടുന്നയാൾക്ക് പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുമ്പോഴോ, പ്രവൃത്തിമൂലമോ ഉണ്ടാകുന്ന അപകടങ്ങളിൽ നിന്ന് മരണമോ, സ്ഥിരമായ വൈകല്യമോ സംഭവിക്കുമ്പോൾ അയാൾക്കോ, നിയമപ്രകാരമുള്ള അനന്തരാവകാശികൾക്കോ, അതാത് സന്ദർഭമനുസരിച്ച് കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ളതോ, ആംആദ്മി ബീമായോജനയിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള അവകാശങ്ങൾ അനുസരിച്ചുള്ളതോ ആയ എക്സ്-ഗ്രേഷ്യ നിർവ്വഹണ ഏജൻസി നൽകേണ്ടതാണെന്ന് തൊഴിലുറപ്പ് നിയമം അനുശാസിക്കുന്നുണ്ട്. ഇതനുസരിച്ച് നിലവിൽ 25,000 രൂപ എക്സ്-ഗ്രേഷ്യയായി നൽകിവരുന്നു.